DESPATCHED On...19/06/2020

22/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2045*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12641**/*എസ്.ഐ.സി–ജി 6/16*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.എം.ആർ.സുകുമാര പിള്ള,
വാണിയിടം, ജി.ആർ.എ.206, കൊട്ടറ ലൈൻ,
ഗൗരീശപട്ടം പി.ഒ.,
തിരുവനന്തപുരം – 695 004. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് – 2,
   തിരുവനന്തപുരം കോർപ്പറേഷൻ.

2. അപ്പീൽ അധികാരി&
   പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് – 1,
   തിരുവനന്തപുരം കോർപ്പറേഷൻ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.06.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.06.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.07.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.08.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.10.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.10.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.എം.ആർ.സുകുമാര പിള്ള,

06.10.2016ന് സമർപ്പിച്ച അപ്പീൽ ഹർജി 15.10.2016ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2045(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തവും പൂർണ്ണവുമായ മറുപടി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 02.06.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 25.06.2016ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 11.07.2016ന് ഒന്നാം അപ്പീൽ സമർപ്പിച്ചതിന് 22.08.2016ന് മറുപടി നൽകിയതായും കാണുന്നു.

4. 17.11.2016 ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കമ്മീഷന്റെ നിർദ്ദേശപ്രകാരം ഹർജിക്കാരന്റെ അപ്പീലും ടിയാന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ.യും നൽകിയ മറുപടിയും വിശദമായി പുന:പരിശോധിച്ചതിൽ ടി ഓഫീസിൽ ലഭ്യമായതും സാധ്യമായതുമായ മുഴുവൻ വിവരങ്ങളും ടിയാന് ഉടൻ നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം ടിയാന് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്. വിവരങ്ങൾ ബോധപൂർവ്വം നിഷേധിക്കാനോ മറച്ചു വയ്ക്കാനോ യാതൊരുവിധ ശ്രമവും അപ്പീൽ അധികാരിയുടെ ഭാഗത്തു നിന്നോ എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നോ ഉണ്ടായിട്ടില്ലെന്നും എസ്.പി.ഐ.ഒ.യുടെ കാര്യാലയത്തിൽ ഒരു ഓഫീസ് അറ്റന്റന്റും രണ്ട് ക്ലാർക്കുമാരുമാണ് ഉള്ളതെന്നും അപ്പീൽ അധികാരിയ്ക്കും ടി സ്റ്റാഫുകളുടെ സേവനമാണ് ലഭ്യമാകുന്നതെന്നുമാണ്. കൂടാതെ കോർപ്പറേഷന്റെ പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള പദ്ധതികൾക്ക് 2015–16ൽ 31 കോടിയും 2016–17ൽ 28 കോടിയുമാണെന്നും ഏകദേശം 2250–ഓളം ഗുണഭോക്താക്കളുണ്ടെന്നും ഇവരുടെയെല്ലാം അപേക്ഷ വാങ്ങലും പരിശോധനയും ഫീൽഡ് സന്ദർശനവും സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി ലാപ്സാക്കാതെ നടപ്പാക്കേണ്ടതിനാലും ജീവനക്കാരുടെ കുറവ് കണക്കിലെടുത്താണ് ടി വിവരങ്ങൾ നേരത്തേ നൽകാൻ കഴിയാതെ പോയതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 24.01.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ തിരുവനന്തപുരം നഗരസഭയിലെ പുഞ്ചക്കരി വാർഡിൽ താമസിക്കുന്ന പട്ടികജാതിയിൽപ്പെട്ട ശ്രീമതി കുമുദം ടി ഓഫീസിൽ ഭവനനിർമ്മാണത്തിനു നൽകിയ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ,പ്രമാണം കരം ഒടുക്കിയ രസീത്, ബാങ്ക് പാസ്സ്ബുക്ക് തുടങ്ങിയവയുടെ പകർപ്പുകളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും തന്റെ വ്യക്തിപരമായ രേഖകൾ ആർക്കും നൽകരുതെന്ന് ശ്രീമതി കുമുദം നേരിട്ട് ആവശ്യപ്പെട്ടതിനാലും പട്ടികജാതിയിൽപ്പെട്ട ഒരു വനിതയായതിനാലും അവരുടെ വ്യക്തിപരമായ വിവരങ്ങൾ നൽകുന്നതിലൂടെ അവർ ചൂഷണത്തിന് വിധേയയാകുവാൻ സാധ്യതയുള്ളതിനാലാണ് ടിയാൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളും നൽകാൻ കഴിയാത്തതെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/